**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3493** **26-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ നെല്ല് സംഭരണത്തിനായുള്ള വെയർഹൗസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കുട്ടനാട്ടിൽ കൊയ്ത്തു കാലത്ത് മഴ മൂലം നെല്ല് കിളിർക്കുന്നത് ഉൾപ്പെടെ ഉള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കുട്ടനാട്ടിൽ ആവശ്യമായ സ്ഥലങ്ങളിൽ വെയർഹൗസുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | കുട്ടനാട്ടിലെ നെൽ കൃഷിക്കാർക്കു കൂടി പ്രയോജനകരമായ രീതിയിൽ ആലപ്പുഴ ജില്ലയിലെ മാവേലിക്കര, ഹരിപ്പാട് എന്നിവിടങ്ങളിൽ നബാർഡ് WIF പദ്ധതിയിൽ ഉൾപ്പെടുത്തി 5.43 കോടി അടങ്കലിൽ അഡീഷണൽ വെയർഹൗസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. തകഴി വെയർഹൗസിൽ റൈസ് മില്ലിനായി നിർമ്മിച്ച് ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടം താൽക്കാലികമായി ഭക്ഷ്യധാന്യങ്ങളുടെ സംഭരണത്തിന് ഉപയുക്തമാക്കുന്നതിന് 03-02-2020 ലെ അഗ്രി-പി.യു.2/208/2019-അഗ്രി നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. കൂടാതെ അനുയോജ്യമായ സ്ഥലങ്ങളിൽ റവന്യൂ ഭൂമി പാട്ടത്തിന് ലഭ്യമാകുന്ന മുറയ്ക്ക് വെയർഹൗസുകൾ ആരംഭിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | നിലവിലുള്ള വെയർഹൗസുകൾ നവീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷന് സ്വന്തമായി സ്ഥല ലഭ്യതയുള്ള പ്രദേശങ്ങളിൽ നിലവിലുള്ള വെയർഹൗസുകൾക്ക് പുറമെ അഡീഷണൽ വെയർഹൗസുകൾ നിർമ്മിക്കാനും നിലവിലുള്ള വെയർഹൗസുകളുടെ സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനും കെട്ടിടങ്ങൾ നവീകരിച്ച് സംഭരണ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ സ്വീകരിച്ച് വരുന്നു. കൂടാതെ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ വെയർഹൗസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഇടപാടുകൾ ഓൺലൈൻ മുഖേന നടത്തുന്നതിനും 2020-21 വർഷം 25 ലക്ഷം രൂപയും 2021-22 വർഷം 10 ലക്ഷം രൂപയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി വിഹിതമായി കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ